"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പന്നിയങ്കര റെയിൽവേ മേൽപ്പാലം - ബഹു. കോഴിക്കോട് സബ് കോടതിയിലെ വിവിധ എൽ.എ.ആർ. കേസുകളിലെ വിധി തുക നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.422/2026/PWD                    തിരുവനന്തപുരം, തീയതി 13-03-2026

പരാമർശം:- 1. സഉ.(സാധാ) നം. 1250/2025/PWD തീയതി 17.08.2025.

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 31.01.2026 തീയതിയിലെ CEPWD/6961/2023-FR10-PWD നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിലായി വിധി തുക നൽകുന്നതിനും ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യുന്നതിനുമായി പരാമർശം 1 ഉത്തരവ് പ്രകാരം 18,01,15,679/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2. പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബഹു. കോഴിക്കോട് സബ് കോടതിയിലെ ചുവടെ പറയുന്ന എൽ.എ.ആർ. കേസുകളിൽ നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

| ക്രമ നമ്പർ | എൽ.എൽ.ആർ. നം. | വിധി തുക |
|---|---|---|
| 1 | 381/14 | 34,786/- |
| 2 | 382/14 | 34,142/- |
| 3 | 383/14 | 18,788/- |
| 4 | 384/14 | 24,806/- |
| | | |

| | | |
|---|---|---|
| 5 | 388/14 | 12,841/- |
| 6 | 389/14 | 61,026/- |
| 7 | 390/14 | 14,948/- |
| 8 | 394/14 | 60,84,245/- |
| 9 | 395/14 | 3,29,036/- |
| 10 | 652/15 | 47,709/- |
| 11 | 05/16 | 9,60,943/- |
| | ആകെ | 76,23,270/- |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബഹു.കോഴിക്കോട് സബ് കോടതിയിലെ മേൽ പറയുന്ന എൽ.എ.ആർ. കേസുകൾക്ക് വിധി തുക നൽകുന്നതിനായി 76,23,270/-രൂപയും പരാമർശം 1 പ്രകാരം അനുവദിച്ച 18,01,15,679/- രൂപയും ചേർത്ത് ആകെ **18,77,38,949/- (പതിനെട്ട് കോടി എഴുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി എട്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയൊൻപത് രൂപ മാത്രം)** രൂപയുടെ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

4. പ്രസ്തുത തുക 5054-04-337-80-പി.സി.' എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ വിഭാഗം), തിരുവനന്തപുരം.
എക്സി. എഞ്ചിനീയർ (പാലങ്ങൾ വിഭാഗം),കോഴിക്കോട്.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫിസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 13-03-2026 17:40:15
സെക്ഷൻ ഓഫീസർ